**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :935 | 11.06.2014 ൽ മറുപടിയ്ക്ക്

**പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.പി സജീന്ദ്രൻ**<br>**ശ്രീ. ഐ.സി ബാലകൃഷ്ണൻ**<br>**ശ്രീ. എ.റ്റി ജോർജ്**<br>**ശ്രീ. റ്റി.എൻ പ്രതാപൻ** | | **ശ്രീ. എ.പി. അനിൽകുമാർ**<br>**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കമോ ; | (എ) | ഉണ്ട്. 23.02.2012-ലെ സ.ഉ (കൈ) നം. 42/2012/പൊഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പുതിയ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പിന്നോക്ക വിഭാഗ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തുവാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കമോ ; | (ബി) | സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ വിദ്യാഭ്യാസവും സാമ്പത്തിക, സാമൂഹിക വുമായ ഉയർച്ചയും തൊഴിൽ അഭിവൃദ്ധിയും ലക്ഷ്യംവച്ച് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, അഭിഭാഷക ഗ്രാന്റ്, പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധന സഹായം തുടങ്ങിയവ നടപ്പാക്കി കഴിഞ്ഞു. പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ഉന്നമനത്തിനായി കേരള കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷന്റെ രൂപീകരണത്തിന് നടപടികൾ നടന്നു വരുന്നു.<br>ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് ധനസഹായം നൽകുന്നതിനായി ' Over seas Scholarship to OBC ' എന്നൊരു പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പിന്റെ കീഴിൽ ഏതെല്ലാം തലത്തിലാണ് ഓഫീസുകൾ തുടങ്ങാനുദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കമോ ? | (സി) | രണ്ട് മേഖലാ ഓഫീസുകൾ കോഴിക്കോട്ടും എറണാകുളത്തും ആരംഭിക്കുന്നതിനും അതിലേക്കായി 10 പുതിയ തസ്തികകൾ അനുവദിച്ചു കൊണ്ടും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ് - ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിക്കുന്നതിനും ആയതിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

പൊതുഭരണ (സ്പെഷ്യൽ.ബി) വകുപ്പ്

സ.ഉ.(കൈ) നം: 42/ 2012/പൊ.ഭ.വ          തിരുവനന്തപുരം, തീയതി: 23.02.2012

==========================================================================

പരാമർശം : 19.11.2011ലെ ജി.ഒ.(ആർ റ്റി) നം. 116/2011/എസ്.സി.എസ്.റ്റി.ഡിഡി

## ഉത്തരവ്

പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിതനായ സ്പെഷ്യൽ ഓഫീസർ ശ്രീ.വി.ആർ.ജോഷി സമർപ്പിച്ച റിപ്പോർട്ടിൽ പിന്നോക്ക സമുദായ വികസനം മുൻ നിർത്തി വിദ്യാഭ്യാസ സാമ്പത്തിക വികസന പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും ആവിഷ്ക്കരിക്കുന്നതിലേക്കായി സംസ്ഥാന/ ജില്ലാ/ താലൂക്ക് തലങ്ങളിൽ പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിക്കേണ്ടത് അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിക്കുന്നതിനും ആയതിലേക്കായി താഴെപറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | ശമ്പളസ്കെയിൽ (രൂപയിൽ) |
|---|---|---|---|
| 1 | അഡീഷണൽ സെക്രട്ടറി | 1 | (44640 -58640) |
| 2 | ഡെപ്യൂട്ടി സെക്രട്ടറി | 1 | (36140 -49740) |
| 3 | സെക്ഷൻ ഓഫീസർ | 1 | (18740 -33680) |
| 4 | അസിസ്റ്റന്റ് | 3 | (13900 -24040) |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 | (10480 - 18300) |
| 6 | ടൈപ്പിസ്റ്റ് ഗ്രേഡ് II | 1 | (10480 - 18300) |
| 7 | ക്ലറിക്കൽഅസിസ്റ്റന്റ് ഗ്രേഡ് II | 1 | (9940 - 16580) |
| 8 | പ്യൂൺ | 3 | (8500 -13210) |

3. പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബിസിനസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ. ആർ. ജ്യോതിലാൽ

ഗവൺമെന്റ് സെക്രട്ടറി

ശ്രീ.വി.ആർ ജോഷി ,സ്പെഷ്യൽ ഓഫീസർ പിന്നോക്ക സമുദായ വികസന വകുപ്പ് , തിരുവനന്തപുരം
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക സമുദായ കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
പൊതുഭരണ (എസ്. എസ്/ ഹൗസ് കീപ്പിംഗ്/ഏകോപന/സർവീസസ് (എ/ഇ/സി/എച്ച്) ) വകുപ്പുകൾ